## ശ്രീ. എം. രാജഗോപാലൻ എം.എൽ.എ
## ഉന്നയിച്ച സബ്മിഷനുള്ള മറുപടി

പുഴ/തോട്/കുളം/മേച്ചിൽപറമ്പ്/പാറ/കനാൽ പുറമ്പോക്ക് ഭൂമി 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെയും , കേരള മുനിസിപ്പാലിറ്റി ആക്ടിലെയും വ്യവസ്ഥകൾ പ്രകാരം പഞ്ചായത്തിലും, നഗരസഭയിലും നിക്ഷിപ്തമായിട്ടുള്ള ഭൂമിയാണ്. ഇത്തരത്തിലുള്ള പുറമ്പോക്ക് ഭൂമി അസാധാരണ സാഹചര്യങ്ങളിലൊഴികെ പതിച്ചു നൽകരുതെന്ന് Jagpal Singh V/s State of Panjab എന്ന കേസിലെ വിധിന്യായത്തിൽ ബഹു. സുപ്രീംകോടതി വ്യക്തമാക്കിയിട്ടുണ്ട്.

പുഴ പുറമ്പോക്ക് , കുളം പുറമ്പോക്ക്, തോട് പുറമ്പോക്ക്, കനാൽ പുറമ്പോക്ക്, കായൽ പുറമ്പോക്ക് എന്നിങ്ങനെ റവന്യൂ രേഖകൾ പ്രകാരം വിവിധ ഇനം പുറമ്പോക്കുകളിൽപ്പെട്ട സ്ഥലങ്ങളിൽ, സാധാരണക്കാരായ പതിനായിരക്കണക്കിന് കുടുംബങ്ങൾ സംസ്ഥാനത്തൊട്ടാകെ താമസിച്ചുവരുന്നുണ്ട്. ഇവരിൽ പലർക്കും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും വീട്ട് നമ്പർ ലഭിച്ചിട്ടുള്ളതും റേഷൻ കാർഡ്, വൈദ്യുതി കണക്ഷൻ എന്നിവയുള്ളവരുമാണ്. കൈവശമുള്ള ഭൂമിയ്ക്ക് പട്ടയം ലഭിക്കണമെന്നത് ഇത്തരം ഭൂമിയിൽ താമസിച്ചുവരുന്ന പതിനായിരക്കണക്കിന് കുടുംബങ്ങളുടെ വർഷങ്ങളായുള്ള ആവശ്യമാണ്. പുഴ പുറമ്പോക്ക് ഭൂമി പതിച്ചു നൽകുന്നതുമായി ബന്ധപ്പെട്ട വിഷയം 28565/യു3/15/റവ നമ്പർ ഫയലിൽ പരിശോധിച്ചിരുന്നതും, പുഴ പുറമ്പോക്ക് പതിച്ചു കൊടുക്കുന്ന വിഷയത്തിൽ ഓരോ കേസിലും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ അനുമതിയോടെ കേസിന്റെ അർഹത പ്രത്യേകം പരിശോധിച്ച് തീരുമാനമെടുക്കാവുന്നതാണെന്ന് തീരുമാനിച്ചിരുന്നതുമാണ്. കൂടാതെ സമാനമായ കേസിൽ ജി.ഒ(എം.എസ്)നം. 124/18/റവ തീയതി , 26/3/2018 പ്രകാരം എറണാകുളം കണയന്നൂർ താലൂക്ക് ചേരാനല്ലൂർ വില്ലേജിലെ സർവ്വെ 985.86 എന്നിവയിൽപ്പെട്ട 2.0146 ഹെക്ടർ പുഴപുറമ്പോക്ക് സ്ഥലത്ത് വടുതല

ജനകീയ കോളനിയിൽ താമസിക്കുന്ന 179 കുടുംബങ്ങളിൽ അർഹരായ കൈവശക്കാർക്ക് മാത്രം പട്ടയം നൽകുന്നതിലേയ്ക്കായി എറണാകുളം ജില്ലാകളക്ടർക്ക് അനുവാദം നൽകി ഉത്തരവായിട്ടുണ്ട്.

കാസർഗോഡ് ജില്ലയിൽ തീരദേശ പുറമ്പോക്കിൽ വർഷങ്ങളായി ജീവിച്ചുവരുന്ന കൈവശക്കാർക്ക് പട്ടയം നൽകുന്നതുമായി ബന്ധപ്പെട്ട് പരിശോധിച്ചിട്ടുള്ളതാണ്. 1964 ലെ കേരള ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം ഈ കുടുംബങ്ങൾക്ക് നിലവിൽ കൈവശ ഭൂമിയ്ക്ക് പട്ടയം നൽകുന്നതിന് കഴിയാത്ത അവസ്ഥയാണ്. എന്നിരുന്നാലും പ്രസ്തുത ഭൂമി പതിച്ചു നൽകുന്നതിനുള്ള അർഹത പരിശോധിച്ച് ബന്ധപ്പെട്ട തദ്ദേശ സ്ഥാപനത്തിന്റെ നിരാക്ഷേപ പത്രവും പതിവിനുള്ള വ്യക്തമായ വ്യക്തിഗത ശിപാർശയും ഉൾപ്പെടുത്തിക്കൊണ്ടുള്ള ജില്ലാകളക്ടറുടെ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് സർക്കാർ തലത്തിൽ പരിശോധിച്ച് ആവശ്യമായ തീരുമാനമെടുക്കാവുന്നതാണ്.

************************************